**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5032** — **20-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം മരണപ്പെടുന്ന കുടുംബങ്ങളിലെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂലം മരണപ്പെടുന്ന ബി.പി.എൽ. കുടുംബങ്ങളിലെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം 36 മാസ കാലയളവിൽ നൽകുന്നതിന് റവന്യൂ(ഡി.ആർ.എഫ്.-എ) വകുപ്പിന്റെ 22.10.2021-ലെ സ.ഉ. (കൈ) 203/2021/റവ ഉത്തരവു പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) | ഇരവിപുരം നിയോജക മണ്ഡലത്തിൽ പ്രസ്തുത ധനസഹായത്തിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകരിൽ ധനസഹായത്തിന് അർഹരായവർ എത്രയാണെന്ന് വിശദമാക്കാമോ? | (ബി) | നിയോജക മണ്ഡലം തിരിച്ചുള്ള അപേക്ഷ-കളുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. ഇരവിപുരം നിയോജക മണ്ഡലത്തിൽ പൂർണ്ണമായും ഭാഗികമായും ഉൾപ്പെട്ടു വരുന്ന വില്ലേജ് തിരിച്ചുള്ള അപേക്ഷകരുടെ വിവരം താഴെ കൊടുക്കുന്നു. (പട്ടിക താഴെ) ടി വില്ലേജ് ആഫീസുകളിൽ ആകെ ലഭിച്ച 393 അപേക്ഷകളിൽ 35 പേർക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതും 67 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും ബാക്കി 291 അപേക്ഷകളിൽ പരിശോധനകൾ വിവിധ തലങ്ങളിൽ നടന്നു വരുന്നതുമാണ്. |

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | ഇരവിപുരം | 64 |
| 2 | വടക്കേവിള | 72 |
| 3 | കിളികൊല്ലൂർ | 57 |
| 4 | മങ്ങാട് | 28 |
| 5 | മയ്യനാട് | 61 |
| 6 | മുണ്ടയ്ക്കൽ | 48 |
| 7 | തഴുത്തല | 34 |
| 8 | കൊല്ലം ഈസ്റ്റ് | 29 |
| | **ആകെ** | **393** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായം ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ(DRF-A) വകുപ്പ്

സ.ഉ.(കൈ) നം.203/2021/റവ. തീയതി,തിരുവനന്തപുരം, 22/10/2021

---

പരാമർശം:- 20/06/2021 ലെ സ.ഉ.(കൈ) നം.18/2021/സാ.നീ.വ. ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ് - 19 ബാധിച്ച് മാതാപിതാക്കൾ രണ്ട് പേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും വനിതാശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/- രൂപ (രണ്ടായിരം രൂപ മാത്രം) വീതം കുട്ടിക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് മാസം തോറും നിക്ഷേപിക്കുന്നതിനും അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനും കൂടാതെ ടി കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി മേൽ പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 20/06/2021 ൽ സ.ഉ.(കൈ) നം.18/2021/സാ.നീ.വ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾക്ക്, ഈ പദ്ധതി പ്രകാരമുള്ള സമാശ്വാസ ധനസഹായത്തിന് അർഹരല്ല എന്ന വ്യവസ്ഥയോടെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/-രൂപ വീതം ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT)യായി ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) ധനസഹായം ലഭ്യമാക്കി താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്.

**പരിഗണിക്കേണ്ടുന്ന മാനദണ്ഡങ്ങൾ**

**1. ബി.പി.എൽ വിഭാഗത്തിൽപെടുന്ന കുടുംബത്തിലെ വരുമാനദായകൻ/ദായിക ആയ വ്യക്തി മരണപ്പെട്ടാൽ ;**

**2.സാമൂഹ്യ/ക്ഷേമനിധി/മറ്റ് പെൻഷനുകൾ ആശ്രിതർക്ക് ലഭ്യമാകുന്നത് അയോഗ്യതയായി കണക്കാക്കേണ്ടതില്ല**

**3.വ്യക്തി സംസ്ഥാനത്തിനകത്തോ പുറത്തോ രാജ്യത്തിന് പുറത്തോ മരണപ്പെടുകയാണെങ്കിലും കുടുംബം സംസ്ഥാനത്തിനകത്ത് സ്ഥിരതാമസമാക്കിയിട്ടുണ്ടെങ്കിൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.**

**4. ഈ സമാശ്വാസം ലഭ്യമാകുന്നതിനായി ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്താൻ വരുമാനം നിശ്ചയിക്കുമ്പോൾ മരണപ്പെട്ട വ്യക്തിയുടെ വരുമാനം ഒഴിവാക്കേണ്ടതാണ്.**

**5.ആശ്രിത കുടുംബത്തിൽ സർക്കാർ ജീവനക്കാരോ ആദായ നികുതി ദായകരോ ഇല്ലെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.**

**6. അപേക്ഷ തീർപ്പാക്കുന്നതിനായി അപേക്ഷകരെ ഓഫീസിലേക്ക് വിളിച്ച് വരുത്തുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്**

**5. ഒറ്റ പേജിൽ ലളിതമായ ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ലഭിച്ച് 30 പ്രവർത്തി ദിവസത്തിനകം അപേക്ഷയും കോവിഡ് ബാധിച്ച മരണമാണെന്ന സർട്ടിഫിക്കറ്റും പരിശോധിച്ച് ഉത്തരവിൽ പരാമർശിക്കുന്ന തുക DBT മുഖേന ജില്ലാ കളക്ടർ അനുവദിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
lസെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ല കലക്ടർമാർക്കും

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാമൂഹ്യ നീതി വകുപ്പ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ദുരന്ത നിവാരണ വകുപ്പ്
പൊതുഭരണ എസ്.സി വകുപ്പ് (13.10.21 ലെ ഇനം നം 319 -OA പ്രകാരം)
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).
റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ